ശ്രീ. കെ. സുധാകരൻ :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഗ്യാരണ്ടി നൽകിയിട്ടുണ്ട്;

(ബി) ഒട്ടാകെ എന്തു തുകയ്ക്കുള്ള ഗ്യാരണ്ടി 31.3.99-ലെ കണക്കനുസരിച്ച് നൽകിയിട്ടുണ്ട്;

(സി) ഈ ഗ്യാരണ്ടികൾക്ക് ഗ്യാരണ്ടി കമ്മിഷൻ ഇനത്തിൽ എന്തു തുക കിട്ടണം;

(ഡി) ഗ്യാരണ്ടി കമ്മിഷൻ കുടിശ്ശികയാക്കിയിട്ടുള്ള ഏതെങ്കിലും വ്യക്തികളോ സ്ഥാപനങ്ങളോ ഉണ്ടോ; എങ്കിൽ ഏതെല്ലാം;

(ഇ) എന്തു തുക ഈ ഇനത്തിൽ കുടിശ്ശികയായിട്ടുണ്ട്;

(എഫ്) ഗ്യാരണ്ടി നൽകിയതിന്റെ പേരിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഗവൺമെന്റിൽനിന്ന് ഏതെങ്കിലും തുക അടയ്ക്കേണ്ടതായി വന്നിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം വേണ്ടി എത്ര തുക വീതം അടയ്ക്കേണ്ടതായി വന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 174 സ്ഥാപനങ്ങൾക്ക് ഗ്യാരണ്ടി നൽകിയിട്ടുണ്ട്. വ്യക്തികൾക്ക് ഇപ്പോൾ ഗ്യാരണ്ടി നൽകാറില്ല.

(ബി) മൊത്തം 9393 കോടി രൂപയ്ക്ക് (ആഡിറ്റ് ചെയ്യാത്ത കണക്ക്).

(സി) ഉദ്ദേശം 70.45 കോടി രൂപ.

(ഡി) ഉണ്ട്. വിശദവിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഉണ്ട്.

(1) കേരള ഭൂ വികസന കോർപ്പറേഷൻ 34.22 കോടി രൂപ

(2) കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ 8.8 കോടി രൂപ.

9 (2566) ആഡിറ്റ് കമ്മീഷൻ രൂപീകരണം

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. കെ.എം. മാണി

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് അപ്ഡേറ്റ് ചെയ്യുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തുന്നതിന് പരിപാടിയിട്ടിട്ടുള്ള 'ആഡിറ്റ് കമ്മിഷൻ' രൂപവൽക്കരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റിന് അധികാരപ്പെടുത്തിയിട്ടുള്ളത് ഏതു വകുപ്പിനെയാണെന്നറിയിക്കുമോ;

(സി) നിർദ്ദിഷ്ട ആഡിറ്റ് കമ്മീഷന്റെ രൂപവൽക്കരണത്തിനുശേഷം സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് വകുപ്പ് പ്രസ്തുത ജോലിയിൽനിന്ന് ഒഴിവാക്കപ്പെടാനിടയായാൽ അത് വകുപ്പിലെ ജീവനക്കാരുടെ ജോലി സ്ഥിരതയെ ബാധിക്കാനിടയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ നിലവിൽ ആഡിറ്റ് സംഘടിപ്പിക്കുന്ന വകുപ്പിനെ സംരക്ഷിച്ചുകൊണ്ടുള്ള ഒരു 'ആഡിറ്റ് കമ്മിഷൻ' രൂപവൽക്കരിക്കുന്നതിന് സർക്കാർ സന്നദ്ധമാവുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആഡിറ്റിന് മാത്രമായി ഒരു സ്വതന്ത്ര ആഡിറ്റ് കമ്മിഷൻ രൂപവൽക്കരിക്കണമെന്ന് അധികാര വികേന്ദ്രീകരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലിരിക്കുന്നു. ആഡിറ്റ് കമ്മിഷൻ രൂപവൽക്കരിക്കുന്നതിന് 1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടിൽ ചില ഭേദഗതികൾ ആവശ്യമാണ്. ഭേദഗതി നിർദ്ദേശങ്ങൾ അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് വിഭാഗത്തെ.

(സി) അധികാര വികേന്ദ്രീകരണ സമിതിയുടെ റിപ്പോർട്ട് ലഭിച്ച ശേഷംമാത്രമേ ഇക്കാര്യം പരിഗണിക്കേണ്ടതുള്ളൂ.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

10 (2567) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റ്

ശ്രീ. പാലോട് രവി :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നതിനു മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ വികസന പ്രവർത്തനങ്ങൾക്ക് എത്ര ശതമാനം തുകയാണ് നൽകിയിരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നടത്തിപ്പിന് നൽകുന്നത് എത്ര ശതമാനം തുകയാണെന്ന് അറിയിക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെലവഴിക്കുന്ന തുകയുടെ വരവുചെലവ് കണക്കുകളുടെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് നിർവ്വഹിക്കുന്നത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നടത്തുന്ന ധനവിനിയോഗത്തിലെ ക്രമാതീതമായ വർദ്ധനവ് കണക്കിലെടുത്തും പ്രസ്തുത സ്ഥാപനങ്ങളുടെ ആഡിറ്റ് ജോലിയിൽ വന്നിട്ടുള്ള വൈപുല്യം കണക്കിലെടുത്തും

LIBRARY ARCHIVES Kerala Legislative Assembly